# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2284 — 15.07.11-ൽ മറുപടിക്ക്

**കൊടകര-പൊങ്ങം ഭാഗത്ത് അപകടങ്ങൾ ഒഴിവാക്കുന്നതിന് സംവിധാനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബി.ഡി. ദേവസ്സി : | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) എൻ.എച്ച്. 47-ൽ കൊടകര മുതൽ പൊങ്ങം വരെയുള്ള ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഭാഗങ്ങളിൽ വാഹനാപകടങ്ങൾ ഉണ്ടാകുന്നതും നിരവധി പേരുടെ ജീവൻ നഷ്ടപ്പെടുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) ഈ ഭാഗത്തെ ജംഗ്ഷനുകളിൽ, അപകടങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും, സർവ്വീസ് റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും, ബസ്സ്-ബേ നിർമ്മിക്കുന്നതിനും, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ? | (ബി) | പൊങ്ങം - കൊടകര റോഡ് ഉൾപ്പെടുന്ന എൻ.എച്ച്. 47-ൽ തൃശ്ശൂർ മുതൽ അങ്കമാലി വരെയുള്ള (കി.മീ.270 മുതൽ 316/700 വരെ) 4/6 വരിപ്പാതയുടെ ജോലികൾ പുരോഗതിയിലാണ്. സർവ്വീസ് റോഡിന്റെ പണിയും ഓടകളുടെ നിർമ്മാണവും എത്രയും വേഗം പൂർത്തിയാക്കുന്നതാണ്. പ്രധാന പാതയിൽ ഇപ്പോൾ വെള്ളക്കെട്ട് ഉള്ളതായി കാണുന്നില്ല.<br>ഈ സെക്ഷനിൽ പ്രധാനമായും 11 ജംഗ്ഷനാണുള്ളത്. ഇവയിൽ പുത്തൂർ, തൃശ്ശൂർ ബൈപ്പാസ്, കൊടകര, പോട്ട, ചാലക്കുടി മുരിങ്ങൂർ തുടങ്ങിയ സ്ഥലങ്ങളിൽ സ്ലിപ് റോഡോടുകൂടിയ ഫ്ളൈ ഓവർ/അണ്ടർപാസ് നിർമ്മിച്ചു കഴിഞ്ഞു. ബാക്കിയുള്ള 5 ജംഗ്ഷനുകളിൽ ജംഗ്ഷൻ അഭിവൃദ്ധിപ്പെടുത്തുന്ന ജോലികൾ പുരോഗമിച്ചു വരുന്നു. കൂടാതെ സൈൻ ബോർഡുകളുടേയും ആർ.പി.എം. ജോലികളുടേയും പണികൾ പുരോഗതിയിലാണ്.<br>കൂടാതെ പുതുക്കാട് ജംഗ്ഷനിലും ചാലക്കുടി ജംഗ്ഷനിലും അണ്ടർപ്പാസ്സുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിലും ചില പ്രാദേശിക ഇടപെടൽ മൂലവും സ്ഥല ലഭ്യത കുറവും കാരണം ഇവയുടെ പണി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |

അപകടങ്ങൾ കൂടുതൽ നടക്കുന്ന ഒരു സ്ഥലമാണ് പോട്ട ജംഗ്ഷൻ. അവിടുത്തെ പ്രധാന പ്രശ്നം റോഡിനു വേണ്ട സ്ഥലം മുഴുവ നായും വിട്ടുകിട്ടിയില്ല എന്നതാണ്. അപകടങ്ങൾ കൂടുതൽ നടക്കുന്ന മറ്റൊരുസ്ഥലം കൊരട്ടി ജംഗ്ഷനാണ്. അവിടെ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പണി പൂർത്തിയായി ട്ടില്ലാത്തതിനാൽ ദേശീയപാതയിലെ പണികളും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

ഹൈവേ ലൈറ്റ് അറേഞ്ച്മെന്റ് ജോലികളും സൗരോർജ്ജ വിളക്കു കൾ സ്ഥാപിക്കുന്ന ജോലികളും കാൽ നട യാത്രക്കാർക്കുള്ള മാർക്കിംഗുകളുടെ ജോലികളും സൈൻ ബോർഡുകൾ യഥാസ്ഥാ നത്ത് സ്ഥാപിക്കുന്ന ജോലികളും മറ്റ് അനുബന്ധ ജോലികളും പുരോഗ തിയിലാണ്.

സെക്ഷൻ ഓഫീസർ

— — —